പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2195

11.03.2020 ൽ മറുപടിക്ക്

# വൈദ്യുത ആഘാതം മൂലം മരണപ്പെടുന്നവർക്കുള്ള ധനസഹായം

ചോദ്യം

ശ്രീ. സജി ചെറിയാൻ

മറുപടി

ശ്രീ. എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി. ലൈനിൽ നിന്നുള്ള വൈദ്യുത ആഘാതത്തിൽ ഈ വർഷം എത്ര പേർ മരണപ്പെട്ടു എന്നും എത്ര പേർ ചികിത്സയിലാണെന്നുമുള്ള വിവരം ലഭ്യമാക്കാമോ; | (എ) 01.01.2020 മുതൽ നാളിതുവരെ KSEB Ltd-ന്റെ വൈദ്യുതി ലൈനിൽ നിന്നും വൈദ്യുതാഘാതമേറ്റ് 5 പൊതുജനങ്ങൾ മരണപ്പെടുകയും ഒരാൾക്ക് മാരകമല്ലാത്ത അപകടം സംഭവിക്കുകയും ചെയ്തതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഈ കാലയളവിൽ സ്ഥിരം ജീവനക്കാരായ 4 പേർക്ക് ജോലിക്കിടയിൽ മരണം സംഭവിക്കുകയും സ്ഥിരം ജീവനക്കാരായ 3 പേർക്കും കരാർ തൊഴിലാളികളായ 2 പേർക്കും മാരകമല്ലാത്ത അപകടം സംഭവിച്ചതായും റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. |
| (ബി) അപകടങ്ങൾ കുറയ്ക്കുവാൻ ബോർഡ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (ബി)കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും അപകടങ്ങൾ കുറയ്ക്കാനായി എല്ലാ വർഷവും പ്രീ മൺസൂൺ മെയിന്റെനൻസ് നടത്താറുണ്ട്. ഇതിന്റെ ഭാഗമായി 11 കെവി ലൈനുകൾ, എൽ.റ്റി. ലൈനുകൾ, ട്രാൻസ്ഫോർമർ സ്റ്റേഷനുകൾ എന്നിവ പരിശോധിക്കുക, ലൈനുകളിൽ മുട്ടിനിൽക്കുന്ന വൃക്ഷ ശിഖരങ്ങൾ നീക്കം ചെയ്യുക, കേടായതും പഴക്കം ചെന്നതുമായ പോസ്റ്റുകൾ, സ്റ്റേകൾ, വൈദ്യുത കമ്പികൾ, ഇൻസുലേറ്ററുകൾ തുടങ്ങിയവ മാറ്റി സ്ഥാപിക്കുക, ബ്രിഡ്ജിങ്ങ് പരിശോധന നടത്തി ആവശ്യമെങ്കിൽ മാറ്റി സ്ഥാപിക്കുക, താഴ്ന്നുകിടക്കുന്ന ലൈനുകൾ റീ ഷാക്ലിംഗ് നടത്തുക, ട്രാൻസ്ഫോർമർ സ്റ്റേഷനുകൾ പരിശോധിച്ച് ആവശ്യമെങ്കിൽ മെയിന്റെനൻസ് ചെയ്യുക, ട്രാൻസ്ഫോർമർ ലോഡ് ബാലൻസ് ചെയ്യുക, പഴയ വെതർ പ്രൂഫ് വയറുകൾ മാറ്റുക തുടങ്ങിയ പ്രവർത്തികൾ ചെയ്തു വരുന്നു. കൂടാതെ കുറ്റമറ്റ രീതിയിൽ ലൈനുകളുടെ നിർമ്മാണം നടത്തുക, സ്വയം വൈദ്യുതബന്ധം വിച്ഛേദിക്കപ്പെടുന്ന ആധുനിക സംവിധാനം രൂപപ്പെടുത്തിക്കൊണ്ടുള്ള പ്രവൃത്തികൾ എന്നിവ നടന്നുവരുന്നു. |

പൊതുജനങ്ങളുടേയും കുട്ടികളുടേയും സുരക്ഷാവബോധം ഉയർത്തുന്നതിനായി വിവിധ പരിപാടികൾ നടത്തിവരുന്നു. ഡോക്യുമെൻററികൾ, ന്യൂസ് ക്ലിപ്പിങ്ങ്സ്, സുരക്ഷാവബോധ പരസ്യങ്ങൾ, ദൃശ്യ/ ശ്രവ്യ/ പത്രമാധ്യമങ്ങൾ വഴിയുള്ള ബോധവൽക്കരണം എന്നിവ ഇതിൽ ഉൾപ്പെടുന്നു. എല്ലാ വർഷവും മെയ് മാസം ഒന്നു മുതൽ ഏഴുവരെ സുരക്ഷാവാരം ആചരിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായിട്ട് റോഡ് ഷോ, ലഘുലേഖ വിതരണം ഡോക്യുമെൻററി പ്രദർശനം, ഗ്രാമപ്രദേശങ്ങളിൽ വാഹനം ഉപയോഗിച്ച് പ്രചരണം തുടങ്ങിയവ സംഘടിപ്പിക്കുന്നുണ്ട്. സെക്ഷൻ ഓഫീസ് തലത്തിൽ സ്കൂളുകൾ,തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ/ റെസി-ഡെൻഷ്യൽ അസോസിയേഷൻസ്/ കുടുംബശ്രീ തുടങ്ങിയവ കേന്ദ്രീകരിച്ച് സുരക്ഷാ ക്ലാസ്സുകളും ബോധവൽകരണവും നടത്തുന്നുണ്ട്.

ചീഫ് സേഫ്റ്റി കമ്മീഷണറുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും ജീവനക്കാർക്കും കരാർ ജീവനക്കാർക്കും സേഫ്റ്റി വർക്ക്ഷോപ്പ് നടത്തുകയും ഇതിൽ ലൈനിൽ ജോലി ചെയ്യുമ്പോൾ സ്വീകരിക്കേണ്ട സുരക്ഷാ മുൻകരുതലുകളെപറ്റിയും ലൈനുകൾ ശരിയായി പരിപാലിക്കേണ്ടതിനെപ്പറ്റിയും വിശദമായി ചർച്ച ചെയ്യുകയും അതിനെപ്പറ്റി പരിശീലനം നൽകുകയും ചെയ്യുന്നുണ്ട്.

കമ്പി പൊട്ടി വീണുള്ള അപകടങ്ങൾ കുറയ്ക്കാനായി ഓവർ ഹെഡ് ലൈനുകൾക്ക് ഗാർഡിംഗ് നൽകുവാനുള്ള നിർദ്ദേശം ഘട്ടം ഘട്ടമായി നടപ്പിലാക്കുവാനും ബോർഡ് തീരുമാനം എടുത്തിട്ടുണ്ട്. പൊതുജനങ്ങളുടെയും ജീവനക്കാരുടെയും സുരക്ഷിതത്വത്തിനായി എല്ലാ ഡിസ്ട്രിബ്യൂഷൻ ട്രാൻസ് ഫോർമറുകൾക്കും എ.ബി. സ്വിച്ചുകൾ ഘടിപ്പിക്കുക, ട്രാൻസ്ഫോർമർ സ്റ്റേഷനുകളിൽ SMART MCCB (മോൾഡഡ് കേസ് സർക്യൂട്ട് ബ്രേക്കറുകൾ) ഘടിപ്പിക്കുക, ഡിസ്ട്രിബ്യൂഷൻ ട്രാൻസ് ഫോർമറുകളുടേയും വിതരണ ശൃംഖലയുടേയും എർത്തിംഗ് ദൃഢപ്പെടുത്തുക തുടങ്ങിയ പ്രവൃത്തികൾ ഇപ്പോൾ ബോർഡിന്റെ പരിഗണനയിലാണ്. കമ്പി പൊട്ടി വീഴുക മുതലായ അത്യാവശ്യ ഘട്ടങ്ങളിൽ പൊതുജനങ്ങൾക്ക് നേരിട്ട് വിളിച്ചറിയിക്കുന്നതിനു "9496061061" എന്ന നമ്പറിലെ സേവനം ഏർപ്പെടുത്തിയിട്ടുള്ളതും അതിനു പൊതുജനങ്ങൾക്കിടയിൽ വ്യാപകമായ പ്രചാരം നൽകിയിട്ടുള്ളതുമാണ്. കൂടാതെ ഏതു പരാതിയും നേരിട്ട് അറിയിക്കുന്നതിനു "1912" എന്ന കേന്ദ്രീകൃത ഉപഭോക്തൃ-സേവന കേന്ദ്രം 24 മണിക്കൂറും 365 ദിവസവും പ്രവർത്തിക്കുന്നുണ്ട്. പൊതുജനങ്ങൾക്ക് വൈദ്യുതി

| | |
|---|---|
| | സുരക്ഷയെക്കുറിച്ചുള്ള കാര്യങ്ങൾ മനസ്സിലാക്കുന്നതിനായി സംസ്ഥാനത്തെ പ്രധാനപ്പെട്ട പ്രാദേശിക ഉത്സവസമയങ്ങളിലും മറ്റു പ്രധാന പരിപാടികളോടനുബന്ധിച്ചും സുരക്ഷാ ബോധവൽക്കരണ പ്രദർശനം സംഘടിപ്പിക്കുന്നുണ്ട്. |
| (സി)മരണപ്പെട്ട ആളിന്റെ കുടുംബാംഗങ്ങൾക്ക് ബോർഡ് നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (സി) KSEB Ltd -ന് വേണ്ടി ജോലി ചെയ്യുമ്പോൾ അപകടത്തിൽപ്പെടുന്ന സ്ഥിരം ജീവനക്കാർക്കും കരാർ തൊഴിലാളികൾക്കും KSEB Ltd- ന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും വൈദ്യുതാഘാതമേറ്റ് അപകടം സംഭവിക്കുന്ന പൊതുജനങ്ങൾക്കും നൽകി വരുന്ന സാമ്പത്തിക സഹായങ്ങളുടെയും മറ്റ് ആനുകൂല്യങ്ങളും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) ചെങ്ങന്നൂർ മണ്ഡലത്തിൽ നിന്ന് ഇത്തരത്തിലുള്ള എത്ര അപേക്ഷകളിലാണ് തീർപ്പാക്കുവാനുള്ളതെന്ന് അറിയിക്കുമോ? | **(ഡി)** ചെങ്ങന്നൂർ മണ്ഡലത്തിൽ നിന്നും സംഭവിച്ചിട്ടുള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ട 2 അപേക്ഷകളാണ് തീർപ്പാക്കുവാനുള്ളത്. 28.08.2019- ന് മാന്നാർ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ അശ്രദ്ധമായ പ്രവർത്തിമൂലം വൈദ്യുതി ലൈനിൽ നിന്നും വൈദ്യുതാഘാതമേറ്റ ശ്രീ. ബിജുവിന്റേയും 28.04.2017-ന് വൈദ്യുതാഘാതമേറ്റ ശ്രീ. ശങ്കരപിള്ളയുടേയും ആശ്വാസധനസഹായം അനുവദിക്കുന്നതിന് അർഹത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കുന്ന മുറയ്ക്ക് ആശ്വാസധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### I. ബോർഡ് ജീവനക്കാർക്കുള്ള നഷ്ടപരിഹാരം.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിൽ ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ അപകടത്തിൽപ്പെടുകയോ അപകട മരണം സംഭവിക്കുകയോ ചെയ്യുന്ന ബോർഡ് ജീവനക്കാരായ തൊഴിലാളിക്ക് ***1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം*** അനുസരിച്ചാണ് നഷ്ടപരിഹാരം നിശ്ചയിക്കുന്നത്. കൂടാതെ ദീർഘകാല കരാർ പ്രകാരം സാമ്പത്തിക ആനുകൂല്യങ്ങളും നൽകി വരുന്നു ഇപ്രകാരം താഴെ പറയുന്ന നഷ്ടപരിഹാരത്തിനും സാമ്പത്തിക ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്.

(എ) മരണാനന്തര നഷ്ടപരിഹാരം

1. പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ നഷ്ടപരിഹാരം
2. ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി പ്രകാരം 10 ലക്ഷം രൂപ, ഇൻഷ്വറൻസ് പദ്ധതിയുടെ നിബന്ധനകൾക്ക് വിധേയമായി സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭിക്കുവാൻ അർഹതയുണ്ട്.
3. വൈദ്യുതി ബോർഡ് തൊഴിലാളി ക്ഷേമനിധിയിൽ നിന്നും മരണാനന്തര ആനുകൂല്യമായി 10 ലക്ഷം രൂപ ലഭിക്കുവാൻ അർഹതയുണ്ട്.
4. അപകടം സംഭവിക്കുന്ന ജീവനക്കാരന്റെ ആശ്രിതരിൽ ഒരാൾക്ക് വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് ബോർഡിൽ ആശ്രിത നിയമനത്തിന് അർഹതയുണ്ട്.
5. ശവസംസ്കാര ചെലവിനായി 7,500/- രൂപയ്ക്ക് അർഹതയുണ്ട്. (LTS 2016 പ്രകാരം)
6. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ദീർഘകാല കരാർ പ്രകാരം പൂർണ്ണമായ മെഡിക്കൽ ചികിത്സാ ചെലവിനും അർഹതയുണ്ട്.

(ബി) മാരകമല്ലാത്ത അപകടത്തിൽപ്പെടുന്ന ബോർഡ് ജീവനക്കാർക്ക് നൽകുന്ന നഷ്ടപരിഹാരം.

1. സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യം ഉണ്ടായാൽ ജില്ലാ മെഡിക്കൽ ബോർഡ് നൽകുന്ന അംഗവൈകല്യത്തിന്റെ ശതമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ അവശതാ നഷ്ടപരിഹാരം.
2. അപകടം സംഭവിക്കുന്ന തൊഴിലാളിക്ക് ചികിത്സയ്ക്കും വിശ്രമത്തിനും ശുപാർശ ചെയ്തുകൊണ്ട് ഡോക്ടർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ അർദ്ധ-മാസികാ നഷ്ടപരിഹാരമോ അല്ലായെങ്കിൽ പ്രത്യേക അവശതാ അവധിയ്ക്കോ അർഹതയുണ്ട്.
3. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ദീർഘകാല കരാർ പ്രകാരം അപകടത്തിന് ഇരയാകുന്ന ജീവനക്കാർക്ക് പൂർണ്ണമായ മെഡിക്കൽ ചികിത്സാ ചെലവിനും അർഹതയുണ്ട്.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ഓഫീസർ വിഭാഗത്തിൽ വരുന്ന ജീവനക്കാർ 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിന്റെ പരിധിയിൽ വരുന്നില്ല

എന്നിരുന്നാലും ജോലിക്കിടെ അപകടമരണം സംഭവിക്കുന്ന ഓഫീസർ വിഭാഗത്തിൽപ്പെടുന്ന ബോർഡ് ജീവനക്കാർക്കും KSEB Ltd-ന്റെ തീരുമാനങ്ങൾക്ക് വിധേയമായി 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിന്റെ വ്യവസ്ഥകൾക്കനുസൃതമായി പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ ആശ്വാസധനസഹായവും പൂർണ്ണമായ ചികിത്സാ ചെലവും നൽകുന്നു. ഇതിലുപരിയായി ജോലിക്കിടെ അപകടമരണം സംഭവിക്കുന്ന തൊഴിലാളികൾക്ക് നൽകുന്ന മുകളിൽ പറഞ്ഞ എല്ലാ മരണാനന്തര സാമ്പത്തിക ആനുകൂല്യങ്ങളും ഓഫീസർ വിഭാഗത്തിനും ലഭിക്കുന്നതിന് അർഹതയുണ്ട്.

## II. കരാർ തൊഴിലാളികൾക്ക് നൽകുന്ന നഷ്ടപരിഹാരം.

5 ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്തു നടത്തുന്ന ചെറുകിട കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് താഴെ പറയുന്ന ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

(എ). മരണാനന്തര നഷ്ടപരിഹാരം.

1. മാസവേതനത്തിനും പ്രായത്തിനും ആനുപാതികമായ നഷ്ടപരിഹാരം.
2. ശവസംസ്കാര ചെലവിനായി 5,000/- രൂപയ്ക്ക് അർഹതയുണ്ട്. (1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമപ്രകാരം)

(ബി). മാരകമല്ലാത്ത അപകടത്തിൽപ്പെടുന്ന കരാർ തൊഴിലാളികൾക്ക് നൽകുന്ന നഷ്ടപരിഹാരം.

1. സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യം ഉണ്ടായാൽ ജില്ലാ മെഡിക്കൽ ബോർഡ് നൽകുന്ന അംഗവൈകല്യത്തിന്റെ ശതമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ അവശതാ നഷ്ടപരിഹാരം.
2. അപകടം സംഭവിക്കുന്ന തൊഴിലാളിക്ക് ചികിത്സയ്ക്കും വിശ്രമത്തിനും ശുപാർശ ചെയ്തുകൊണ്ട് ഡോക്ടർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ അർദ്ധമാസികാ നഷ്ടപരിഹാരം.5 ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരുടെ കീഴിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് ജോലിക്കിടെ അപകടമോ അപകടമരണമോ സംഭവിക്കുകയാണെങ്കിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്തം കരാറുകാരനായിരിക്കും. 5 ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ അയാളുടെ കീഴിലുള്ള തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതാണ്. അപകടമരണം സംഭവിക്കുന്ന തൊഴിലാളിയുടെ നഷ്ടപരിഹാര തുക 1923-ലെ തൊഴിലാളി നഷ്ടപരിഹാരനിയമം അനുസരിച്ച് കണക്കാക്കുകയും പ്രസ്തുത തുക ഇൻഷ്വറൻസ് ക്ലെയിം/ കരാറുകാരൻ കെട്ടിവച്ചിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ്/ കരാറുകാരനിൽ നിന്നോ ഈടാക്കി നഷ്ടപരിഹാരം അനുവദിക്കുവാനുള്ള നടപടിക്രമങ്ങൾ പാലിച്ചുവരുന്നു.

ഇതിനുപുറമെ എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം അനുവദിക്കുവാൻ കാലതാമസമുണ്ടാകുന്ന സാഹചര്യങ്ങളിലും കോടതി നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുവാൻ ബഹു. കോടതികൾ കാലതാമസം ഉണ്ടാക്കുന്ന സാഹചര്യങ്ങളിലും അപകടം സംഭവിച്ച ദിവസം മുതൽ അർഹമായ നഷ്ടപരിഹാരം നൽകുന്ന ദിവസം വരെയുള്ള കാലയളവിലേയ്ക്ക് നഷ്ടപരിഹാര തുകയുടെ 12% പലിശയുൾപ്പെടെ ലഭിക്കുന്നതിന് മരണപ്പെടുന്നവരുടെ അനന്തരാവകാശികൾക്ക് അർഹതയുണ്ട്.

## (III) പൊതുജനങ്ങൾക്കുണ്ടാകുന്ന അപകടങ്ങൾക്കുള്ള ആശ്വാസധനസഹായം

(i) കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ വിതരണ സംവിധാനത്തിന്റെ തകരാറുകൾ പൊതുജനങ്ങൾക്ക് സംഭവിക്കുന്ന ജീവഹാനി/അപകടങ്ങൾക്ക് അനന്തരാവകാശികൾക്ക് 10,00,000/- രൂപയും, മാരകമല്ലാത്ത അപകടങ്ങൾക്ക് സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായ തുകയായ പരമാവധി 10,00,000/- രൂപയും അർഹത പരിശോധിക്കുന്നതിനാവശ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ചുവരുന്നു.

(ii) പൊതുജനങ്ങളുടെ അറിവില്ലായ്മ, അശ്രദ്ധ, സൂക്ഷ്മതക്കുറവ് തുടങ്ങിയ പ്രവൃത്തി മൂലം കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ പ്രതിഷ്ഠാപനത്തിൽ നിന്നും യാദൃശ്ചികമായി വൈദ്യുതി ലൈനുമായുണ്ടാകുന്ന സമ്പർക്കംമൂലം സംഭവിക്കുന്ന ജീവഹാനി ഉണ്ടാക്കുന്ന അപകടങ്ങൾക്ക് 2,00,000/- (രണ്ട് ലക്ഷം രൂപ)-യും മാരകമല്ലാത്ത അപകടങ്ങൾക്ക് സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായി പരമാവധി 2,00,000/- രൂപയും ആശ്വാസധനസഹായമായി നൽകിവരുന്നു.

സെക്ഷൻ ഓഫീസർ